"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ദേശമംഗലം ഗ്രാമപഞ്ചായത്ത് - പള്ളം പമ്പ് ഹൗസിൽ പുതിയ മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

G.O.(Rt) No.831/2022/LSGD തീയതി,തിരുവനന്തപുരം, 02-04-2022

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മറ്റിയുടെ 11.03.2022 ൽ കൂടിയ യോഗത്തിന്റെ 4.36 നമ്പർ തീരുമാനം

ഉത്തരവ്

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 5,6,7,8,9,10 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പള്ളം പമ്പ് ഹസിൽ പുതിയ മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി 40 HP മോട്ടോർ പമ്പ് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും പമ്പ് ഹൗസ് കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലായതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

മോട്ടോർ പമ്പ് മാറ്റേണ്ടത് കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയാണ് എങ്കിലും ഗ്രാമപഞ്ചായത്തിലെ 6 വാർഡുകൾക്ക് പ്രയോജനപ്പെടും എന്നതിനാൽ കാലതാമസമൊഴിവാക്കാൻ മേൽ പ്രോജക്ടിന് പരാമർശത്തിലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/പ്രസിഡന്റ്, ദേശമംഗലം ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്.
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ

G.O.(Rt) No.831/2022/LSGD

(പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 04-04-2022 10:58:33
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്